5. നാടൻ ഇനം പശുക്കളുടെ പരിരക്ഷയ്ക്കായി ആവശ്യം വേണ്ട പ്രവർത്തനം നടത്തി.

6. ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കി.

7. പുൽകൃഷി മെച്ചപ്പെടുത്തുവാനായി സ്പ്രിഗ്ളർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി.

8. ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്തുവരുമാനം വർദ്ധിപ്പിച്ചു.

9. കന്നുകുട്ടികൾക്ക് പ്രത്യേക തീറ്റ ലഭ്യമാക്കിക്കൊണ്ട് കന്നുകുട്ടികളുടെ ശരിയായ വളർച്ച ഉറപ്പാക്കി.

10. ശുദ്ധ ജനുസ്സിൽപ്പെട്ട വിദേശയിനം പന്നിക്കുഞ്ഞുങ്ങളെ ഇറക്കുമതിചെയ്ത് കർഷകർക്ക് ലഭ്യമാക്കി.

11. ഫാമുകളിൽ മാലിന്യനിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു.

12. നിലവിലുള്ള കിണറുകളുടെ നവീകരണത്തിലൂടെയും ബോർവെൽ സ്ഥാപിക്കുകയുംവഴി ഫാമുകളിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കി.

ടി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 1532.56 ലക്ഷം രൂപ 2006-07 മുതൽ ചെലവഴിച്ചിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു.*

(സി) പാലക്കാട് ജില്ലയിൽ നിലവിൽ മലമ്പുഴയിൽ മേഖലാകോഴി വളർത്തൽ കേന്ദ്രവും, അട്ടപ്പാടിയിൽ ആടുവളർത്തൽ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഒറ്റപ്പാലത്ത് ആട്, കോഴി, കന്നുകാലി എന്നിവയ്ക്കുള്ള പുതിയ ഫാമുകൾ തുടങ്ങുന്ന പ്രൊപ്പോസൽ നിലവിലില്ല.

ദിവസവേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളാക്കാൻ നടപടി

77 (2555) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെകീഴിലെ ഫാമുകളിലെ ദിവസ വേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംയുക്തതൊഴിലാളി യൂണിയനുകളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദിവസവേതനക്കാരായ എത്ര തൊഴിലാളികളാണ് ഇപ്പോൾ ഗവൺമെന്റ് ഫാമുകളിൽ ജോലിചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ഫാമുകളിലേക്കും അനുവദിച്ച സ്ഥിരം തൊഴിലാളികളുടെ എണ്ണം എത്ര എന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങൾ

78 (2556) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്ര കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്താനുദ്ദേശിക്കുന്നുഎന്നും, ഇതിനകം എത്ര വിതരണം നടത്തിയെന്നും, എന്തുതുക ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) ഇതിനായി സ്കൂളുകളെയും കുട്ടികളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിൽ ഇവ വിതരണം നടത്തിയതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 50000 സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്താനാണുദ്ദേശിക്കുന്നത്, 4051 കുട്ടികൾക്ക് 12153 കോഴികളെ വിതരണം നടത്തിക്കഴിഞ്ഞു. ഇതിനായി 14.03 ലക്ഷം രൂപ ചെലവഴിച്ചു.

(സി) പത്രമാധ്യമങ്ങൾ മുഖേന പരസ്യം നൽകി സ്കൂളുകളുടെ അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാനത്തെ (സർക്കാർ, എയ്ഡഡ്) സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിൽനിന്നും 8, 9 ക്ലാസുകളിലേയും അപ്പർ പ്രൈമറി വിഭാഗത്തിൽനിന്നും 6, 7 ക്ലാസ്സുകളിലേയും കുട്ടികളെയാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത് ; പിന്നോക്ക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് മുൻഗണന നൽകുന്നുണ്ട്. സ്കൂളിന്റെ മേലധികാരിയും അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെ പ്രതിനിധിയും പ്രദേശത്തെ പൗരപ്രമുഖരും അടങ്ങുന്ന കമ്മിറ്റിയാണ് ഈ പദ്ധതി അവലോകനം ചെയ്യുന്നത്. സ്കൂൾ അധികൃതരും അദ്ധ്യാപക രക്ഷാകർതൃ സംഘടനയും ചേർന്നാണ് കുട്ടികളുടെ തെരഞ്ഞെടുക്കുന്നത്.

(ഡി) മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ ഇവ വിതരണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly